**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5008** **04-07-2024 - ൽ മറുപടിയ്ക്ക്**

**ചിമ്മിനി ഇക്കോ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചിമ്മിനി ഡാം മേഖലയിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി വനം വകുപ്പ് മുഖേന ടൂറിസം ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ള ചിമ്മിനി ഇക്കോ ടൂറിസം പദ്ധതി പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | **ചിമ്മിനി ഡാം ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതി രൂപരേഖ ലഭിച്ചിരുന്നു. എന്നാൽ പദ്ധതിയുടെ എസ്റ്റിമേറ്റ് 'പ്രൈസ് സോഫ്റ്റ് വെയറിൽ തയാറാക്കിയിരുന്നില്ല. പദ്ധതിക്ക് വനം വകുപ്പിന്റെ നിരാക്ഷേപപത്രവും ലഭിച്ചിട്ടില്ല.** |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി 13.01.2023-ൽ സമർപ്പിച്ചിട്ടുള്ള 5 കോടി രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിനും ഫണ്ട് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | **'പ്രൈസ് സോഫ്റ്റ് വെയറിലുള്ള എസ്റ്റിമേറ്റ് സഹിതം പരിഷ്കരിച്ച വിശദ രൂപരേഖയും വനം വകുപ്പിന്റെ നിരാക്ഷേപപത്രവും ലഭിക്കുന്ന മുറയ്ക്ക്, വിനോദ സഞ്ചാര സാധ്യത കൂടി വിലയിരുത്തി ചിമ്മിനി ഇക്കോ ടൂറിസം പദ്ധതിക്ക് അനുമതിയും സാമ്പത്തിക സഹായവും പരിഗണിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ